(ഇ) അനൗദ്യോഗിക അംഗങ്ങൾ ഇല്ലെങ്കിലും ആർ. ടി. എ. ബോർഡ് നിലവിലുണ്ടാകുമോ;

(എഫ്) ബോർഡിലെ ഔദ്യോഗിക അംഗങ്ങൾ ആരെല്ലാം;

(ജി) അനൗദ്യോഗിക അംഗങ്ങൾ എത്രപേർവരെയാകാം;

(എച്ച്) ഇതു സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം കേന്ദ്ര ഗവൺമെന്റിൽ നിന്ന് ലഭിച്ചിട്ടുണ്ടോ?

ഗതാഗതവകുപ്പു മന്ത്രി (ശ്രീ. പി. കെ. വേലായുധൻ):

(എ) 26–2–1983, 30–4–1984, 16–4–1983, 17–5–1983, 12–7–1984, 7–5–1985, 5–10–1985 എന്നീ തീയതികളിലെ ഉത്തരവുകൾ പ്രകാരമാണ് അവസാനമായി ആർ. ടി. എ. ബോർഡുകൾ പുനഃസംഘടിപ്പിച്ചത്.

(ബി) ബോർഡിന് പ്രത്യേക ഒരു കാലാവധി നിജപ്പെടുത്തിയിട്ടില്ല. എന്നാൽ അതിൽ അംഗങ്ങളായുള്ള അനൗദ്യോഗിക അംഗങ്ങളുടെ കാലാവധി കുറഞ്ഞത് 6 മാസമായി നിജപ്പെടുത്തിയിട്ടുണ്ട്.

(സി) നിലവിലുള്ള അനൗദ്യോഗിക അംഗങ്ങളുടെ കാലാവധി അവസാനിപ്പിച്ചുകൊണ്ട് 4–11–1986–ൽ ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ അവരെ സ്ഥിരമായി ഒഴിവാക്കണമോ വേണ്ടയോ എന്ന് തീരുമാനിച്ചിട്ടില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) നിലവിലുണ്ടാകും.

(എഫ്) ഡിസ്ട്രിക്റ്റിലെ കളക്ടർ ചെയർമാനും ഡിസ്ട്രിക്ട് പോലീസ് സൂപ്രണ്ട്, എക്സിക്യൂട്ടീവ് എഞ്ചിനീയർ (ബിൽഡിംഗ് ആൻറ് റോഡ്) മേഖലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ എന്നിവരാണ് ഔദ്യോഗിക അംഗങ്ങൾ.

(ജി) നിലവിലുള്ള നിയമമനുസരിച്ച് യാതൊരു പരിധിയും ഇല്ല.

(എച്ച്) കേന്ദ്രഗവൺമെന്റിന്റെ നിർദ്ദേശങ്ങൾ ഒന്നും ലഭിച്ചിട്ടില്ല.

കെ. എസ്. ആർ. ടി. സി. മേഖലാ കോർപ്പറേഷനുകൾ

* 464 [194] ശ്രീ. സിറിയക് ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. വിഭജിച്ച് 5 മേഖലാ കോർപ്പറേഷനുകളാക്കുമെന്ന് ഗവൺമെന്റ് പ്രഖ്യാപിച്ചിരുന്നോ;

(ബി) എങ്കിൽ അതനുസരിച്ച് മേഖലാ കോർപ്പറേഷനുകൾ രൂപീകരിച്ചോ;

(സി) വയനാട്ടിൽ ഒരു കമ്പനി രൂപീകരിക്കുമെന്ന് ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നതനുസരിച്ച് കമ്പനി രൂപീകരിച്ചുവോ;

(ഡി) ഇല്ലെങ്കിൽ കാരണമെന്താണ്?

LIBRARY ARCHIVES Kerala Legislative Assembly

ഗതാഗതവകുപ്പു മന്ത്രി (ശ്രീ. പി. കെ. വേലായുധൻ):

(എ) കെ. എസ്. ആർ. ടി. സി. യുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുവേണ്ടി മേഖലകളാക്കി വിഭജിക്കണമോ എന്നുള്ള കാര്യം ഗവൺമെൻറിൻെറ പരിഗണനയിലുണ്ട്.

(ബി) തീരുമാനമായിട്ടില്ല.

(സി) കമ്പനി രൂപീകരിച്ചിട്ടില്ല.

(ഡി) പല വശങ്ങളും ശരിക്ക് ആലോചിച്ചതിനുശേഷം തീരുമാനം എടുത്താൽ മതി എന്നു നിശ്ചയിച്ചതുകൊണ്ട്.

സ്വകാര്യ മേഖലയിൽ ഡിസ്റ്റിലറി

* 465 [495] ശ്രീ. എം. വി. രാഘവൻ: താഴെക്കാണുന്ന ചോദ്യം ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ മേഖലയിൽ ഡിസ്റ്റിലറി ആരംഭിക്കാൻ സർക്കാർ കേന്ദ്ര അനുമതിക്കുവേണ്ടി അപേക്ഷിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ സ്വകാര്യ മേഖലയിൽ ഡിസ്റ്റിലറി അനുവദിക്കേണ്ടതില്ലെന്ന മുൻ തീരുമാനം മാറ്റാൻ കാരണമെന്തെന്നു വ്യക്തമാക്കാമോ;

(സി) ഇതിനുവേണ്ടി നിലവിൽ എത്ര അപേക്ഷകരുണ്ട്; പേരു വിവരം വെളിപ്പെടുത്താമോ?

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ):

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ആരും ഇല്ല.

നൂൽനൂൽപ്പ് തൊഴിലാളികൾക്ക് ക്ഷേമനിധി

* 466 [496] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഖാദി ഗ്രാമവ്യവസായ ബോർഡിനോടും വ്യവസായ വകുപ്പുമായി ബന്ധപ്പെട്ട ഖാദി കൂടിൽ വ്യവസായ സഹകരണ സംഘങ്ങളിലേയും നൂൽനൂൽപ്പ് കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്നവർക്കുവേണ്ടി ഒരു ക്ഷേമനിധി ഏർപ്പെടുത്തുവാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ ഒരു ക്ഷേമനിധി ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്):

(എ, ബി) കേരളത്തിലെ ഖാദി മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികൾക്ക് പ്രയോജനം ലഭിക്കത്തക്കവിധത്തിലുള്ള ഒരു ക്ഷേമനിധി പദ്ധതി ഗവൺമെൻറിൻെറ സജീവ പരിഗണനയിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly